# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6301 — 20.11.2019 ൽ മറുപടിയ്ക്ക്

## കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം. സ്വരാജ് :<br>ശ്രീ കെ.വി.വിജയദാസ്<br>ശ്രീ വി. അബ്ദുറഹിമാൻ<br>ശ്രീ കെ. ആൻസലൻ : | ശ്രീ. ടി.പി. രാമകൃഷ്ണൻ.<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |

| | |
|---|---|
| **(എ)** സംസ്ഥാനത്ത് വിവിധ നൈപുണ്യ വികസന പദ്ധതികളുടെ ഏകോപനത്തിനായി കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) നടത്തി വരുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;<br><br>**(ബി)** നവീന തൊഴിൽ മേഖലകളിലേയ്ക്ക് യുവജനതയെ സജ്ജരാക്കുന്നതിന് എന്തെല്ലാം ഗവേഷണങ്ങളും നൂതന ആശയങ്ങളുമാണ് 'കെയ്സ്' മുഖേന പരിപോഷിപ്പിക്കുന്നതെന്ന് അറിയിക്കാമോ; | **(എ) യും (ബി) യും** സംസ്ഥാനത്തിന്റെ നൈപുണ്യ വികസനപ്രവർത്തനങ്ങളെ ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിനും, അവയ്ക്ക് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനും ഏകോപിപ്പിക്കുന്നതിനും, വിലയിരുത്തുന്നതിനും ഒരു ഏകീകൃത സംവിധാനം പ്രാവർത്തികമാക്കുന്നതിനായി ഭരണപരമായ ഒരു ചട്ടക്കൂട് രൂപീകരിക്കുകയും അതിന്റെ ഭാഗമായി സംസ്ഥാന നൈപുണ്യ വികസന മിഷനായ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ്(KASE) നെ സ്കിൽ സെക്രട്ടേറിയേറ്റായി ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.<br><br>വിദ്യാഭാസ വിചക്ഷണർ, വ്യവസായപ്രമുഖർ, വിവിധ സ്ഥാപനങ്ങൾ/വകുപ്പുകൾ എന്നിവരുടെ ആശയങ്ങളും അഭിപ്രായങ്ങളും ഉൾക്കൊണ്ടുകൊണ്ട് ഭരണപരമായ ചട്ടക്കൂടിന്റെ മറ്റൊരു ഘടകമായ "സ്കിൽ ലൈസിയം" സ്റ്റേറ്റ് സ്കിൽ സെക്രട്ടേറിയേറ്റിന്റെ ചിന്താ കേന്ദ്രം ആയി പ്രവർത്തിക്കും. പ്രസ്തുത ലൈസിയം പൂർണ്ണമായി പ്രവർത്തനസജ്ജമാകുന്നതോടെ തൊഴിൽ നൈപുണ്യ വിടവ് |

| | |
|---|---|
| | മനസ്സിലാക്കുന്നതിനും വിശദമായ പഠനങ്ങൾ നടത്തുന്നതിനും നൂതന ആശയങ്ങൾ പരിപോഷിക്കുന്നതിനും സാധ്യമാകുന്ന താണ്. |
| **(സി)** കെയ്സ്-ന്റെ കീഴിൽ പ്രവർത്തിക്കുന്ന എംപ്ലോയബിലിറ്റി സെന്ററുകൾ വഴി എന്തെല്ലാം പരിശീലനങ്ങളാണ് നൽകിവരുന്നത്; | **(സി)** എംപ്ലോയബിലിറ്റി സെന്ററുകളിൽ രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗാർത്ഥികളുടെ യോഗ്യതയും, കഴിവും, അഭിരുചിയും മനസ്സിലാക്കി അതിനനു സൃതമായി കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ്, ഇന്റർവ്യൂ സ്കിൽസ്, ഐ.ടി സ്കിൽസ് എന്നിവയിൽ പരിശീലനം നല്കി തൊഴിലിന് പ്രാപ്തരാക്കുകയും, എംപ്ലോയബിലിറ്റി സെന്ററുകൾ സംഘടിപ്പിക്കുന്ന ചെറുതും വലുതുമായ തൊഴിൽ മേളകളിലൂടെ സ്വകാര്യമേഖലയിൽ തൊഴിൽ നേടിയെടുക്കുവാൻ അവരെ സഹായിക്കുകയും ചെയ്യുന്നു. |
| **(ഡി)** ഏതെല്ലാം നൈപുണ്യ വികസന മേഖലകളിലാണ് 'കെയ്സ്'-ന്റെ കീഴിൽ മികവിന്റെ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നതെന്നും കെയ്സ്-നെ സ്റ്റേറ്റ് സ്കിൽ ഡെവലപ്മെന്റ് മിഷൻ ആയി ചുമതലപ്പെടുത്തി ഉത്തരവായിട്ടു ണ്ടോ എന്നും അറിയിക്കാമോ? | **(ഡി)** നഴ്സിംഗ്, ഓയിൽ ആൻഡ് റിഗ്, സെക്യൂരിറ്റി, ടീച്ചിങ്, വാട്ടർ ആൻഡ് വേസ്റ്റ് വാട്ടർ ട്രീറ്റ്മെന്റ്, കൺസ്ട്രക്ഷൻ ആൻഡ് ഇൻഫ്രാസ്ട്രക്ചർ, ഡിസൈൻ എന്നീ മേഖലകളിലാണ് നിലവിൽ 'KASE'-ന്റെ കീഴിൽ മികവിന്റെ കേന്ദ്രങ്ങൾ പ്രവർത്തിച്ചു വരുന്നത്. ദേശീയ സംസ്ഥാന ജില്ല തലങ്ങളിലുള്ള നൈപുണ്യ വികസന പ്രവർത്തനങ്ങളെ ഊർജിതപ്പെടുത്തുന്നതി ന്റെ ഭാഗമായി KASE നെ സംസ്ഥാന നൈപുണ്യ വികസന മിഷനായി നിയോഗിച്ച് ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ